കാത്തിരിപ്പ്

“ ഇതെവിടേയ്ക്കാ ചെറ്യ മൊതലാളി ഇത്ര ധൃതിയിൽ ..? ” തീയിൽ ചവുട്ടിയത് പോലെ കണ്ണൻ നിന്നു , തിരിഞ്ഞു നോക്കിയപ്പോൾ ചെത്തു കാരൻ കുമാരൻ , അവൻെറ മുഖത്തെ ചിരികൂടി കണ്ടപ്പോൾ ദേഷ്യം ഇരട്ടിയായി ,

“ നിൻെറ അമ്മായി അമ്മയുടെ പതിനാറു അടിയന്തിരത്തിനു ..” കുമാരനു സന്തോഷമായതു പോലെ പുഞ്ചിരി , പൊട്ടിച്ചിരിയായി , കണ്ണനു ദേഷ്യത്തെക്കാളുപരി സങ്കടം വന്നു .പലരും അങ്ങിനെ വിളിക്കുന്നത് , ഉള്ളാലെ സന്തോഷിക്കാറുണ്ട് , കാരണം അവരത് ആത്മാർത്ഥതയോടെയാണു വിളിക്കുന്നത് , കണ്ണൻ , കണ്ണൻ കുട്ടി എന്ന വിളികൾ ക്കിടയിൽ ചിലപ്പോഴൊക്കെ , മറ്റു പലരും വിളിക്കുന്നത് കളിയാക്കാൻ മാത്രമാണു , സങ്കടം തോന്നുന്നത് , ആ വിളി കേൾക്കുമ്പോഴാണു സ്വയം ആരാണു എന്ന് ചിന്തിക്കാറുള്ളത് , എല്ലാവർക്കും അറിയാം താൻ ആരാണു എന്താണു എന്നൊക്കെ , അതു കൊണ്ട് തന്നെ യാണു ആ വിളി തന്നെ എങ്ങിനെ ബാധിക്കുമെന്നും...!

ഏറ്റവും കൂടുതൽ സ്നേഹവും വാത്സല്ല്യവും കാണിക്കുന്ന അച്ഛമ്മ , കൂടെ കട്ടിലിൽ അല്ല , താഴെ ചെറിയ ഒരു മെത്തയുണ്ടാക്കി അതിലാണു കിടത്തിയിരുന്നത് എന്ന് കേട്ടിട്ടുണ്ട് , കാലം പോകുംന്തോറും മെത്തയുടെ വലിപ്പം കൂടിയതല്ലാതെ സ്ഥാനം മാറിയതേയില്ല , വീടിനുള്ളിൽ എവിടെയും കയറുകയും കാര്യങ്ങൾ ചെയ്യുകയും ചെയ്യാറുണ്ടെങ്കിലും ആരുടേയും മെത്തയിൽ ഇരിക്കാറില്ല , ഒരാളുടെയും ഒരു സാധനവും തൊടാറില്ല , മറ്റെല്ലാവരുടെയും തുണി തിരുമ്പാൻ ആളുണ്ടെങ്കിലും തൻേറത് സ്വയം ആണു ചെയ്യുന്നത് , സ്വന്തമായി ഒരു മുറിയില്ല , ചായ്പ്പിലെ പഴയ ഒരു വലിയ മരപ്പെട്ടിയിൽ എല്ലാം ഒതുങ്ങും , ആരും ഇങ്ങിനെയൊക്കെ ആകണം എന്ന് പറഞ്ഞതായി ഓർക്കുന്നില്ല പക്ഷെ അങ്ങിനെയായി , പാടത്തും പറമ്പിലും തുടങ്ങി കണ്ണെത്താത്ത ഒരു കാര്യമുണ്ടാകില്ല , മനസ്സിൽ എപ്പോഴും , തെങ്ങിനെ തൈയുടെ വാട്ടം , പശുക്കുട്ടിയുടെ ദീനം , വാഴകൾ മറിഞ്ഞു വീണത് , പണിക്കാരില്ലാതെ നന മുടങ്ങിയത് , ഇതൊക്കെയാണു എന്നത്തേയും സങ്കടങ്ങൾ , ഉള്ളിൽ ചിലപ്പോഴൊക്കെ എല്ലാവരും മുൻപിൽ അഭിനയിക്കാണെന്ന് തോന്നും കാലമിത്ര കഴിഞ്ഞിട്ടും അം ഗീകരിച്ചു തരാൻ ആകാനുള്ള മടി .

അത് പറഞ്ഞു തന്നത് ബാലമാമയാണു ,

“ മരുമകൻെറ മകനാ നീയ്യ് , നിൻെറ വല്ല്യമ്മാമ്മയാ ഞാൻ ധൈര്യായിട്ട് വിളിച്ചോളൂ ” എന്ന് പറഞ്ഞ ആൾ ,
കല്യാണം കഴിക്കാതെ ദേശാടനം ചെയ്തു നടക്കും കയ്യിലെ കാശു കഴിയുമ്പോളാണെന്ന് തോന്നുന്നു തിരിച്ചു വരും , പിന്നെ കുറച്ച് ദിവസം കഴിയും , പെങ്ങളുടെ കയ്യിൽ നിന്നോ , അനിയൻെറയോ , അനിയൻെറ ഭാര്യയുടേയോ

This document was created using Smart PDF Creator To remove this message purchase the product at www.SmartPDFCreator.com

കയ്യിൽ നിന്ന് പിന്നേയും വാങ്ങും , തറവാട്ടിൽ വലിയ ഒരു വീതം ഉണ്ട് , അത് വാങ്ങിയിട്ടില്ലെന്നു മാത്രമല്ല , ഒരു കണക്കും ചോദിക്കാറില്ല , വരുമ്പോൾ കഴിക്കണം , അത് സം ഘടിപ്പിച്ചു കൊടുക്കണം , അത് കഴിഞ്ഞാൽ തങ്ക ടീച്ചറുടെ വീടിൻെറ പടി വരെ കൊണ്ടു പോയി ആക്കണം , കഴിക്കുമ്പോഴാണു പഴയ കാര്യങ്ങൾ പറയുക , ഇടയ്ക്ക് മൂളണമെന്ന് നിർ ബ്ബന്ധമുണ്ട് , ആ സ്നേഹത്തിനു മുന്നിൽ എന്തു ചെയ്യാൻ തയ്യാറായതു കൊണ്ട് , എത്ര പ്രാവശ്യം കേട്ടാലും പിന്നേയും കേട്ടിരിക്കും .

" വല്ല്യമ്മാമ്മ ഇറങ്ങി പോകാൻ പറഞ്ഞപ്പോ അയാൾ , നിൻെറ അച്ഛൻ , അച്ഛമ്മയേ കൂടെ വിളിച്ചതാ .. " പറഞ്ഞപ്പോ , പോയില്ല , പിന്നെ നിൻെറ അമ്മ , കണ്ടിട്ടില്ലല്ലോ നീയ്യ്..? "

" ഇല്ല .."

" ആ സുന്ദരിയായിരുന്നു , അവളോട് ചോദിക്കാൻ സമ്മതിച്ചില്ല , തള്ളയാണു അവനോട് വന്ന് സം സാരിച്ചത് , നിൻെറ അമ്മയ്ക്ക് അങ്ങിനെ ഒന്നൂല്ല്യ , മുറച്ചെറുക്കനു കല്ല്യാണം കഴിച്ചു കൊടുക്കാൻ പോകാണു എന്ന് പറഞ്ഞു , എന്താ ചെയ്യാ , അതാ കാലം , അകന്ന ബന്ധം കൊണ്ടാ , മൂന്ന് നേരം പട്ടിണിയില്ലാതെ ഭക്ഷണം കഴിക്കാനാ അവറ്റകൾ ഈ അടുക്കളയിൽ എത്തിയത് , പഠിപ്പ് കഴിഞ്ഞ് മദ്രാസ്സിൽ നിന്ന് ഗോപാലകൃഷ്ണേട്ടൻെറ അടുത്ത് നിന്ന് വന്ന അവൻ നിൻെറ അമ്മയോട് ഇഷ്ടം കൂടി , ഇവിടെ അന്ന് ഇങ്ങനെയൊന്നുമല്ലല്ലോ പണിക്കാരു തന്നെ എത്ര പേർ , ആരാണു പറഞ്ഞത് എന്നറിയില്ല , വല്ല്യമ്മാമ്മയുടെ ചെകിട്ടിൽ ...കേൾക്കുന്നുണ്ടോ നീയ്യ്..? "

" ഉവ്വ് മാമേ ..പറയൂ .."

" എന്നാ ഇത്തിരി വെള്ളം ഒഴിക്കൂ .."

പാത്രത്തിൽ കരുതിയിരിക്കുന്ന വെള്ളം ഗ്ലാസ്സിലേയ്ക്ക് ഒഴിച്ചു കൊടുത്തു

" ഞങ്ങൾ ആറു മരുമക്കളെ നോക്കാൻ കല്യാണം കൂടി കഴിക്കാതിരുന്ന ആളാ മൂപ്പർ , ഈ കാണുന്ന സ്വത്തൊക്കെ ഞങ്ങളുടെ പേരിലാക്കി തന്നിട്ട് ഒരു തുണ്ട് ഭൂമി സ്വന്തമായില്ലാതെ തൊണ്ണൂറ്റി ഒന്നാമത്തെ വയസ്സിൽ മരിച്ചത് , നിൻെറ അച്ഛൻ ഇവരെ ഒക്കെ വിളിച്ചത് ബോംബെയിലെ മൂത്ത ഏട്ടൻ ശ്രീകൃഷ്ണേട്ടൻെറ അറിവോടേയായിരുന്നു , എന്നാൽ പുറത്ത് അറിയിക്കാതെ , വല്ല്യമാമയുടെ മുന്നിൽ ആരും ഒന്നും പറയാൻ ധൈര്യപ്പെട്ടില്ല , നിൻെറ അച്ഛമ്മ കരഞ്ഞതു പോലും വല്ല്യമ്മാമ്മ കാണാതെയാ, , നിൻെറ അമ്മ പുറത്തെയ്ക്ക് പോലും വന്നില്ല , അയാൾ പോയി , 2, 3 കൊല്ലം എവിടേയാണെന്ന് ഒരു അറിവുമില്ലാതെ ഒടുവിൽ വിവരം കിട്ടുമ്പോൾ പൂണെയിൽ , ഒരു കൃസ്ത്യാനി പെൺകുട്ടിയെ കല്ല്യാണം കഴിച്ചിരിക്കുന്നു , അവരുടെ അച്ഛൻ പട്ടാളത്തിലെ ഉയർന്ന ഒരു ഓഫീസർ , അമ്മയില്ലായിരുന്നു എന്ന് കേട്ടിട്ടുണ്ട്

This document was created using Smart PDF Creator To remove this message purchase the product at www.SmartPDFCreator.com

,ജാതിയും മതമൊന്നും അവർക്ക് കുഴപ്പമില്ലായിരുന്നു, ഇയാൾക്ക് നല്ല ജോലിയായിരുന്നു

ആദ്യം കേട്ടപ്പോൾ ചോദിച്ചത് ഓർ മ്മയുണ്ട് ,

" മാമ കണ്ടിട്ടുണ്ടോ അവരെ .."

" ഏയ് ..എങ്ങിനെ ..? " അയാളതിനു ശ്രീകൃഷ്ണേട്ടനെ തന്നെ കാണാനൊ മിണ്ടാനോ ശ്രമിക്കാറില്ല , അവർ ശ്രമിച്ചാലും സമ്മതിക്കാറില്ല, ഡെൽഹിയിലെ രാമകൃഷ്ണേട്ടനും ഒരു പാട് നോക്കിയതല്ലെ ..? ഞാനും അനന്ത കൃഷ്ണനും നിൻെറ അച്ഛമ്മയുടെ താഴെ അല്ലെ , അച്ഛമ്മയ്ക്കില്ലാത്ത അധികാരം , കഴിവു ഒക്കെ ഞങ്ങൾക്കുണ്ടോ , അനന്ത കൃഷ്ണൻ , പിന്നെ ഒന്നിലേയ്ക്കും ഇല്ലാതെ ഒതുങ്ങി കൂടി , നമ്മുടെ സ്കൂളിൽ മാഷായി , എത്ര വൈകിയാ കല്യാണം കഴിച്ചത് , ചേച്ചിയുടെ മകൻെറ മകനെക്കാളും താഴെ അല്ലെ അവൻെറ മകൾ . ഇപ്പോഴും അങ്ങിനെ ഒരാൾ അവിടെയുണ്ടേന്ന് തോന്നോ , കിടന്നോടാൻ നീ ഉള്ളതോണ്ട് കാര്യങ്ങൾ നടക്കുന്നു , എല്ലാവർ ക്കും അത് നന്നായി അറിയാം , സുഭദ്രയ്ക്കും , അമ്പിളിയ്ക്കും പ്രതേയ്കിച്ചും ..", ."

അത് കേട്ടപ്പോൾ ഉള്ളിൽ വന്ന സന്തോഷം അതെ പോലെ ഇപ്പോഴുമുണ്ട് , എപ്പോൾ പറയുമ്പോഴും , അമ്പിളി എന്ന പേർ കേൾക്കുമ്പോൾ ഉള്ളിൽ ഒരു കുളിരും , തുറന്ന് പറഞ്ഞിട്ടില്ലെങ്കിലും നാട്ടുകാരും , ഉള്ളിൽ വീട്ടുകാരും , പിന്നെ അവളും തരുന്ന പരിഗണന , വേറെ ഒന്നുമില്ല , സ്വന്തമെന്ന് പറയാനും , ഇവിടെ കഴിഞ്ഞു കൂടാനും ..

" അച്ഛൻ , അച്ഛൻ പിന്നെ വന്നതേയില്ലെ ,ഇവിടുള്ളോരെ കാണാൻ..? , ഞാൻ വലുതായിട്ടല്ല , എൻെറ ചെറുപ്പത്തിൽ എപ്പോഴെങ്കിലും ..? ആകാംക്ഷ തോന്നി

" ഇല്ലാ , അയാൾ ബന്ധങ്ങളിൽ നിന്ന് അകന്നു പോയി വല്ലാതെ , പിന്നെ നീ ഉണ്ടായതും വളർ ന്നതും അയാൾ അറിഞ്ഞിരുന്നില്ല എന്നാണു എൻെറ അറിവു .., നി വയറ്റിലുള്ളതോ നിന്നെ പ്രസവിച്ചതോ അയാൾ അറിയരുതെന്ന് വല്ല്യമ്മാമ്മയ്ക്ക് നിർബന്ധമുണ്ടായിരുന്നു , ആ പേരിൽ നിൻെറ അമ്മയെ കല്ല്യാണം കഴിച്ചാലോ എന്ന് പേടിച്ച് , അന്നത്തെ ആളുകൾ പലരും വാശി പിടിച്ച് സ്വന്തവും പിന്നെ മറ്റു പലരുടേയും ജീവിതം തകർ ത്തിട്ടുണ്ട് , ആ വാശി നിൻെറ അച്ഛനും ഉണ്ടെന്ന് തോന്നിയിരുന്നു , അന്യ ജാതിയിലെ ഒരു പെൺകുട്ടിയെ കല്യാണം കഴിച്ചെന്ന് കേട്ടപ്പോൾ , ദൈവ കോപം പേടിച്ച് നിന്നെ നശിപ്പിക്കാൻ മൂപ്പിലാൻ അനുവദിച്ചില്ല , അന്ന് നിൻെറ അച്ഛമ്മ , നിൻെറ അമ്മയെ നന്നായി നോക്കി ,

This document was created using SmartPDF Creator
To remove this message purchase the product at www.SmartPDFCreator.com

പക്ഷെ പ്രസവിച്ച് മൂന്നാം നാൾ വന്ന പനിയിൽ അവൾ പോയി , നിനക്ക് ആറു വയസ്സുള്ളപ്പോ നിൻെറ അമ്മയുടെ അമ്മയും ,  നീ പിറന്ന് കുറച്ച് നാൾ കഴിഞ്ഞ് എങ്ങിനെ യെങ്കിലും അറിഞ്ഞ് മകൻ വരും എന്ന പ്രതീക്ഷയാകാം , അല്ലെങ്കിൽ മകൻെറ ചോരയോടുള്ള വാത്സല്ല്യമാകാം , ..അയാളെ കാണണം എന്നുണ്ടായിരുന്നു വല്ല്യമാമയ്ക്കും മരിക്കാൻ കിടക്കുമ്പോൾ അറിയിക്കാൻ കഴിഞ്ഞില്ല , ഒരിക്കൽ അന്വേഷിച്ചു പോയാൽ ഉടൻ തന്നെ താമസം , ജോലി ഒക്കെ മാറും , അയാൾ മരിച്ചപ്പോഴും അങ്ങിനെ തന്നെ ഒരുപാട് നാൾ കഴിഞ്ഞു അറിഞ്ഞപ്പോൾ , ഒരു മകൻ ഉണ്ടെന്ന് കേട്ടിട്ടുണ്ട് ..”

കുപ്പിയിലെ മുഴുവൻ തീർന്നു ..കുപ്പി വലിച്ചെറിഞ്ഞു , തോർ ത്തെടുത്ത് ചുണ്ട് തുടച്ചു , വെള്ളം കൊണ്ടു വന്ന പാത്രം  കുളക്കരയിൽ തന്നെ വച്ചു ,

“ നീ ഒന്ന് കൂടെ വാ , അവളുടെ അവിടം വരെ ..”

നടക്കുമ്പോൾ ഒരു തമാശയ്ക്കായി ചോദിച്ചതാണു , നാട്ടുകാർ ഇടയ്ക്ക് പറയുന്നത് കേട്ടിട്ട്

“ വയസ്സായില്ലെ ബാലമാമേ , ഇനീം വേണോ ..? അല്ലെങ്കിൽ വയസ്സൊന്നും നോക്കാതെ കല്ല്യാണം കഴിക്കാ , നല്ല പ്രായത്തിൽ പേടിച്ചിട്ട് കല്യാണം മാത്രം കഴിച്ചില്ല , ബാക്കിള്ള കാര്യങ്ങൾക്ക് ഒരു പേടിയുമില്ല , ഇതേ വരെ മുടക്കവും ഉണ്ടായിട്ടില്ല ...”

ഫാ..!!..തിരിഞ്ഞു നിന്നൊരാട്ട് ..അതിൻെറ ശക്തിയിൽ പിന്നിലേയ്ക്ക് വീണു പോകും എന്ന് തോന്നി ,

” ടാ , നീയും മറ്റുള്ളവരും വിചാരിക്കണതു പോലെയുള്ള കാര്യത്തിനു മാത്രമായല്ല , ഞാൻ അവളുടെ അടുത്ത് പോകുന്നത് , ഞാൻ പേടിച്ചിട്ടല്ല , നമ്മുടെ സ്കൂളിലെ പണി പോയാൽ അതും തന്തയും തള്ളയും താഴെയുള്ള മൂന്ന് പെൺകുട്ടികളും ആത്മ ഹത്യ ചെയ്യും ന്ന് കരഞ്ഞു പറഞ്ഞു , അവൾക്ക് അവളുടെ കുടും ബമായിരുന്നു എല്ലാം, എന്നെ ഇഷ്ടമായിരുന്നെങ്കിലും , എൻെറ കാര്യം അറിഞ്ഞാൽ അവളുടെ പണി പോകും എന്നുറപ്പായിരുന്നു , ആ കാലം അതാണു , മറ്റൊരു പെണ്ണിനെ സ്നേഹിക്കാൻ കഴിയാതെ ഞാൻ കല്ല്യാണം കഴിച്ചില്ല , താഴെ ഉള്ളവർ ഒരു കരപറ്റുന്നത് വരെ അവളും , ഇനിയിപ്പൊ ഞാൻ ഈ നാട്ടിലുള്ളതാണു അവൾക്ക് കല്ല്യാണം കഴിക്കാൻ ബുദ്ധിമുട്ടെന്ന് തോന്നിയിട്ടാണു , യാത്ര പോയത് , വന്നപ്പോൾ ഒന്ന് കാണണം എന്ന് പറഞ്ഞു , പോയി , പിന്നെ അത് പതിവായി , അനിയത്തി മാരുടെ കല്ല്യാണം കഴിഞ്ഞു , കുട്ടികളായി , നന്നായി ജീവിക്കുന്നു , പോയി കഴിഞ്ഞാൽ അനിയത്തിമാരുടെ കുട്ടികൾ , പിന്നെ ആരെങ്കിലും ഒക്കെ വരും എന്ന് പറഞ്ഞ്ഞ് എന്തെങ്കിലും ഉണ്ടാക്കി വെച്ചിട്ടുണ്ടാകും , അത് കഴിക്കാൻ തരും ,  പിന്നെ നേരം വെളുക്കുവോളം മുറ്റത്തിരുന്നുള്ള കഥ പറച്ചിലും , ജീവിതത്തിലെ എൻെറ ആകെയുള്ള സമ്പാദ്യം ..

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

അനിയത്തി മാരുടെ കൂടെ പൊയ്ക്കൊള്ളാൻ ഞാൻ പറഞ്ഞതാണു , ഇവിടെ ഇങ്ങിനെ ഒറ്റയ്ക്ക് , – അപ്പോൾ പറയും എന്നോട് പറയും , ജുബ്ബയുടെ പോക്കറ്റിൽ അവളുടെ അഡ്രസ്സ് സൂക്ഷിക്കാൻ , യാത്രയിൽ എവിടെയെങ്കിലും വീണു ജീവൻ പോയാൽ ആരെങ്കിലും അറിയിക്കുമല്ലോ , അപ്പോ അവൾക്കും കൂടെ വരാനാണെന്ന് , എവിടേയും പോകില്ല , എനിക്ക് ഇവിടെ ഇരിക്കാൻ കഴിയില്ലെന്ന് അറിയാം , അതൊരു ശീലായി , എതിർ ക്കാറെ ഇല്ല , ചിലപ്പോഴൊക്കെ അവളാടാ പൈസ തരാറുള്ളത് , കല്ല്യാണം കഴിച്ചിച്ചിട്ട് ഈ ബന്ധത്തിനെ ചെറുതാക്കാൻ വയ്യെനിക്ക് , അവളെ ഒരു ഭാര്യ മാത്രമാക്കി മാറ്റാനും ... നിനക്കെന്നല്ല ആർ ക്കും മനസ്സിലാകില്ല ...എനിക്കതിൽ സങ്കടവുമില്ല “ കേട്ടോ നീയ്യ്..?”

“ ഉവ്വ് ,,” കൈ പിടിച്ചാണു തടിപ്പാലം കടത്തിയത്

“ അവൾ ന്നോട് പറഞ്ഞിട്ടുണ്ട് , എൻെറ കാല ശേഷം എൻെറ ഭാഗം നിനക്ക് തരാൻ ..ഞാൻ അങ്ങിനെ ചെയ്തു വെയ്ക്കും ..നീ ഇടയ്ക്ക് വന്ന് അന്വേഷിച്ചു പോകാറുണ്ടെന്ന് പറയാറുണ്ട് , നന്നായി , നമ്മളൊക്കെ ആരുമില്ലാത്തവരാടാ ...”

ബാല മാമയുടെയും തങ്കടീച്ചറുടെയും ബന്ധം അന്നാണു മനസ്സിലായത് , ഒടുവിൽ പറഞ്ഞത് കണ്ണു നനയിപ്പിച്ചു , എന്തിനാ സ്വത്തുക്കൾ , അത് തന്നെ ധാരാളം....

“ കണ്ണാ , എന്ത് പറ്റിയെടാ ..? ”

കണ്ണൻ ഞെട്ടി ത്തിരിഞ്ഞു , കൂട്ടുകാരനാണു രാജൻ , ആത്മാർത്ഥ സുഹൃത്ത് , എല്ലാ സങ്കടങ്ങളും സന്തോഷങ്ങളും അറിയുന്ന ആൾ , കുമാരൻ പോയ വഴിയിലേയ്ക്ക് നോക്കി അന്തം വിട്ട് നിൽകായിരുന്നു അവൻ

“ ടാ ഞാൻ , വീട്ടിലേയ്ക്ക് പോകാ , എന്തോ ചിന്തിച്ച് ..”

“ ആ , ” അവൻ വിശ്വസിക്കാത്തതു പോലെ ഒന്ന് മൂളി ,

“ അമ്പിളി ക്ലാസ്സ് വിട്ട് വരുന്ന സമയമായിട്ടില്ലല്ലോ ..? സ്വയം പറഞ്ഞ് , പരിസരം നോക്കി.

പിന്നേയും അവനോട് ചോദിച്ചു

“ എപ്പോഴാ അയാൾ വരുന്നത് , ? ”

“ ആരു .. ”

“ എയ് , നീ അല്ലെ ഇന്നലെ പറഞ്ഞത് , നിൻെറ അനിയൻ വരുന്നുണ്ടെന്ന് പൂണെയിൽ നിന്ന് ..?

This document was created using Smart PDF Creator. To remove this message purchase the product at www.SmartPDFCreator.com

അനിയൻ എന്ന് കേട്ടപ്പോൾ ഉള്ളിൽ സന്തോഷം നിറഞ്ഞു

രാജനു ലോകവിവരം കൂടുതലാണു , അതു കൊണ്ടാണു സ്വന്തം അച്ഛന്റെ പണിയായ ബാർ ബർ പണി അവൻ പഠിക്കാതിരുന്നത് , സ്കൂളിൽ , ഡാൻസിനും , നാടകത്തിനും അവനായിരിക്കും സമ്മാനം , അതു കൊണ്ട് തന്നെ അവനു നടനാകണം , ആ ആഗ്രഹത്തിനു വേണ്ടിയുള്ള കാത്തിരിപ്പാണു ,

" ഇവിടെ നിന്നിട്ട് എന്ത് കാര്യം ,ഈ  കലയെന്തെന്ന് അറിയാത്ത ആളുകൾ , ദൂരെയ്ക്ക് പോകും ഞാൻ , നാടക കമ്പനിയിൽ ചേരണം , പിന്നെ സിനിമ , വല്ല്യഒരു നടനാകൂടാ ഞാൻ .."
 നാട്ടിലെ ഏതൊരു കലാ പരിപാടികൾ ക്കും അവനായിരിക്കും മുൻപിൽ , വായന ശാലയിലായാലും , ഉത്സവ പറമ്പിലായാലും , നാട്ടുകാരുടെ മുന്നിൽ ഒരു കലാകരൻ അറിയപ്പെടുന്നുണ്ടെങ്കിലും ,  സത്സ്വഭാവിയും സാധുവും  ആയ ഒരാൾ കൂടി ചേരുമ്പോൾ  ആ സൗഹൃദം എല്ലാവരും ശ്രദ്ധിക്കുന്നു , അതിൽ നല്ലൊരു സുഖമുണ്ടെന്ന് ആദ്യം പറഞ്ഞതും അവനാണു ..

അത് കൊണ്ട് തന്നെയാണു അവൻ പറഞ്ഞപ്പോൾ വിശ്വസിച്ചതും ഒരു പാട് സന്തോഷിക്കുന്നതും

" ടാ , ഇവിടെയുള്ളൂ , ഈ വക ഇടുങ്ങിയ ചിന്തകൾ , പൂണെ എന്നൊക്കെ പറഞ്ഞാൽ വലിയ പട്ടണമാണു , വ്യവസായ നഗരം , അവിടെ നിന്ന് വരുന്ന ഒരാൾ . കാര്യം അറിഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും , അല്ലെങ്കിൽ നീ പറഞ്ഞാൽ ആ നിമിഷം നിന്നെ ഏട്ടനായി കാണും , അം ഗീകരിക്കും , ചിലപ്പോൾ ഇവിടെ നിന്ന് കൊണ്ട് പോകും .."

" സത്യം " വിശ്വാസം വരാതെ അവന്റെ മുഖത്തേയ്ക്ക് നോക്കിയപ്പോൾ അവൻ കൈയിൽ പിടിച്ചു  പറഞ്ഞു

" സത്യം "

" എനിക്ക് പോകേണ്ടടാ ഇവിടെ നിന്ന് ..അച്ഛമ്മ , ഒറ്റയ്ക്കാവും .."

" ഉവ്വുവ്വ് , പിന്നെ ആരുമില്ലെ ...? " അവന്റെ കണ്ണിൽ കുസൃതി

" സ്ഥിരായിട്ടല്ല , നീ അവിടെ ഒന്നും കണ്ടിട്ടില്ലല്ലോ .."

പിന്നേയും ചിന്തകളിലേയ്ക്ക് പോയി ,

" പന്ത്രണ്ട് മണിയ്ക്ക് എത്തും എന്നാടാ പറഞ്ഞിരുന്നത് , ഞാൻ പോകട്ടെ .."

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

" ശരി , വൈകുന്നേരം വരില്ലെ നീ ..അപ്പോ വിശേഷം പറയണം .."

" നോക്കട്ടേ , അവൻ ഇനിയിപ്പോ ഒരു കൂട്ട് വേണം ന്ന് പറഞ്ഞാൽ .."

" ടാ..."

അവൻെറ വിളിയിൽ അത്ഭുതവും പിന്നെ ഇത്രപെട്ടെന്ന് അവനെ ഉപേക്ഷിച്ചോ എന്ന ഒരു ചോദ്യവും നിന്നിരുന്നു

" എവിടെയായിരുന്നു കണ്ണേട്ടൻ ..? " അമ്പിളി ആരും കേൾക്കാതെ ചോദിച്ചു , അവളോടും പറഞ്ഞില്ല , ഇരുന്ന് കാണാതായപ്പോൾ കവല വരെ പോയതാണെന്ന് ,

" രാജനെ കാണാൻ .. വൈകുന്നേരം ചിലപ്പൊഴെ വായനശാലയിലേയ്ക്ക് ഇറങ്ങൂ എന്ന് പറയാൻ .."

" ഞാൻ ഇന്ന് ദീപു വേട്ടൻ വരുന്ന പേരു പറഞ്ഞ് ക്ലാസ്സിൽ പോയിട്ടില്ലാ എന്നറിയില്ലെ , ഇവിടെ ഉണ്ടായിക്കൂടെ .."

സത്യത്തിൽ അതോർ ത്തില്ല , വരുന്നൂ എന്ന് ഫോൺ വന്നതിനും , രാജൻെറ അഭിപ്രായം കേട്ടതിനു ശേഷവും കാത്തിരിക്കായിരുന്നു , ബാല മാമയും പറഞ്ഞു , അയാൾ വരുന്നതോടേ എല്ലാം ശരിയാകുമെന്ന് , ഇന്നലെ രാത്രി ഉറങ്ങിയതേയില്ല , കവലയിൽ കുറച്ച് നേരം നിന്നപ്പോൾ തോന്നി കാറിലാണു വരുന്നതെന്ന് അമ്പിളി പറഞ്ഞു അറിഞ്ഞിരുന്നു , തന്നെ കണ്ടാൽ അറിയില്ല , കാർ വേഗം എത്തും , ഇവിടെ വന്ന് കയറുമ്പോൾ എല്ലാവരും കാത്തു നിൽക്കുമ്പോൾ താൻ മാത്രം ഇല്ല , അത് ഒരു ഇഷ്ടക്കേടായി തോന്നിയാലോ , തിരിച്ചു വന്നത് അതാണു ...എല്ലാവരുടേയും മുഖത്തും ആകാം ക്ഷയും സന്തോഷവും അവൻ കണ്ടു ..

.ചോദിച്ചതിനു മറുപടി പറയുന്നതിനു പകരം ആലോചിച്ചു നിൽക്കുന്ന അവൻെറ കയ്യിൽ ഒരു പിച്ചു കൊടുത്ത് മുഖം വെട്ടിച്ച് അവൾ അകത്തേയ്ക്ക് കയറി പോയി ...ദൂരെ നിന്ന് വരുന്ന് കാറിൻെറ കാഴ്ചയിൽ അവൻ പക്ഷെ അവളുടെ പിച്ചിൻെറ വേദന അറിഞ്ഞില്ല ..

കാറിൽ നിന്നിറങ്ങുന്ന ആളെ കാത്ത് പൂമുഖത്ത്, അച്ചമ്മ , അനന്ത കൃഷ്ണൻ , ഭാര്യ സുഭദ്ര , മകൾ അമ്പിളി , പിന്നെ കണ്ണനും കാത്തു നിന്നു , വീട്ടിലും , പറമ്പിൽ അടുത്തും പണിയെടുക്കുന്ന പണിക്കആർ , മറഞ്ഞിരുന്ന് നോക്കുണ്ട്

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

,  ബാലമാമയെ അവൻ നോക്കിയെങ്കിലും കണ്ടില്ല , ചിലപ്പോൾ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റിറ്റുണ്ടാവില്ല , അല്ലെങ്കിൽ കാലത്തെ എങ്ങോട്ടെങ്കിലും ഇറങ്ങി കാണും , അവിടത്തെ ഒരു വിശേഷങ്ങളിലും അധികം താത് പര്യം കാണിക്കാറില്ല , അതെ പോലെ എതിർപ്പും ...

ഡോർ തുറന്ന് ഇറങ്ങിയ ആളെ കണ്ട് എല്ലാവർക്കും അത്ഭുതം തോന്നി , പ്രത്യേകിച്ച് കണ്ണനു , അനിയനാണു, എന്ന് തോന്നില്ല , വളർച്ച അവനേക്കാളും ഉണ്ട് ,നന്നായി  വെളുത്തിട്ടാണു ,  മീശയില്ല , നീട്ടി വളർത്തിയ ,എണ്ണ മയം ഇല്ലാത്ത മുടി , പാറി ക്കിടക്കുന്നു, ഇറങ്ങിയപ്പോൾ കൂളിങ്ങ് ഗ്ലാസ്സ് , കണ്ണിൽ നിന്നെടുത്ത് ഉള്ളിലെ റൗണ്ട് നെക്ക് ടി ഷർ ട്ടിൽ തൂക്കിയിട്ടു , രാജൻ പറഞ്ഞ അറിവ് പ്രകാരം ഒരു കോട്ട് ആണു പുറത്ത് ഇട്ടിരിക്കുന്നത് , ജീൻസും ...മുഖം പക്ഷെ താൻ മീശ യില്ലാതിരുന്നാൽ എങ്ങിനെയിരിക്കുന്നുവോ അതെ പോലെ അവനു തോന്നി ..
നടകൾ കയറി വരുന്നതിനു മുൻപേ അച്ഛമ്മ ആയാസപ്പെട്ടിറങ്ങി അടുത്തെത്താൻ ശ്രമിക്കുന്നത് കണ്ട് ദീപക് വേഗത്തിൽ അവരുടെ അടുത്തെത്തി ,

“ മുത്തശ്ശീ ..” വിളിക്കുന്നതിനോടൊപ്പം അവനവരെ കെട്ടിപ്പിടിച്ചു , അച്ഛമ്മ ഉറക്കെ കരഞ്ഞു , അവൻ അവരുടെ കവിളിൽ ഒരുമ്മ കൊടുത്തു , അവരവന്റെ നെറ്റിയിലും ,

“ ഒന്നു കാണും ന്ന് നിരീച്ചില്ല്യാ , ഈ ആയുസ്സിൽ ..” കണ്ണെട മുഖത്തു നിന്നെടുത്ത് അച്ഛമ്മ കണ്ണീരൊപ്പി

“ ഏയ് ..ഞാൻ വരും ...അതല്ലെ ഇപ്പോഴും , ഇത്ര ക്യൂട്ട് ആയിരിക്കുന്നത് , ഈ പ്രായത്തിലും ..” അവൻ അവരുടെ താടിയിൽ തൊട്ട് തടവി .

അവന്റെ വാക്കുകൾ , അമ്പിളിയിൽ ചിരിയുണർ ത്തി , അവൻ അവളെ നോക്കി , അച്ഛമ്മ പറയാൻ തുടങ്ങുന്നതിനു മുൻപേ അവൻ പറഞ്ഞു

“ അമ്പിളി ..അല്ലെ ..?”

അവളുടെ കണ്ണിൽ അത്ഭുതം വന്നു നിറയുന്നത് കണ്ടു , അത് കണ്ടിട്ട് ഒരു പുഞ്ചിരിയോടേ അനന്തമാമയുടെയും സുഭദ്രമ്മായിയുടേയും  നേർക്ക് നോക്കി

“ അനന്ത മാമ ,എന്താ വിശേഷം , സുഭദ്രമ്മായി , മാമ പുറത്തിറങ്ങാതെ ഇരുന്ന് ഇരുന്ന് , അമ്മായിയ്ക്കും ബോറായി അല്ലെ , സാരമില്ല , നമുക്ക് പുറത്തൊക്കെ പോകാം , ”

എല്ലാവരേയും അത്ഭുതപ്പെടുത്തി അനന്തകൃഷ്ണൻ പൊട്ടിച്ചിരിച്ചു , എല്ലാവരും ആ ചിരിയിൽ പങ്കു ചേർ ന്നു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ ഞാൻ ആദ്യം ഫോൺ ചെയ്യപ്പോ എടുത്തത് അനന്തമാമയാ , വീട്ടിൽ താമസിക്കുന്ന എല്ലാവരുടേയും ഡീറ്റെയിത്സ് വേണം എന്ന് പറഞ്ഞപ്പോ , എന്തിനാ ഏതിനാ എന്ന് പോലും ചോദിക്കാതെ എല്ലാം പറഞ്ഞു തന്നു , പിന്നെ സ്വയം ഹെഡ്മാഷായി പെൻഷൻ പറ്റി , ഇപ്പൊ വീട്ടിൽ തന്നെ ഇരിക്കാണെന്നും , അവസാനമാണു ഞാൻ ആരാണെന്നും വരുന്നുണ്ടെന്നും ഒക്കെ പറഞ്ഞത് ..”

അതു കൂടി കേട്ടപ്പോൾ എല്ലാവരും പിന്നേയും ചിരിച്ചു , അനന്തമാമയെ ശരിക്കും അറിയുന്നതിനാൽ കണ്ണൻെറ ചിരി അൽപം ഉച്ചത്തിലായി, ദീപു തിരിഞ്ഞു നോക്കി , തൻെറ ഊഴം കാത്തു നിന്നിരുന്ന അവൻ , ചിരി പെട്ടെന്ന് നിർത്തി പറയുന്നത് കേൾക്കാൻ കാത്ത് നിന്നു

“ ഇതാരാ..? ”

ദീപുവിൻെറ ആ ചോദ്യം കയ്യിൽ നിന്ന് താഴെയ്ക്ക് വീണു പോയ ചില്ലു ഗ്ലാസ്സിനെ പോലെ മനസ്സിനെ ഉടച്ചു , എല്ലാവരും ഒരു നിമിഷത്തേയ്ക്ക് നിശ്ശബ്ദരായി ,

എന്നും എപ്പോഴും നിശ്ശബ്ദനായിരിക്കാറുള്ള അനന്തമാമ പറഞ്ഞു

“ ഇവിടുത്തെ കാര്യങ്ങൾ ഒക്കെ നോക്കി നടത്തുന്ന ...”
അമ്പിളിയും സുഭദ്രയും അയാളെ നോക്കി, അച്ചമ്മ കണ്ണൻെറ മുഖത്തേയ്ക്കും , അവൻ തല താഴ്ത്തി നിന്നു ..

വീണ ഗ്ലാസ്സ് കരിങ്കല്ലിലേയ്ക്കായി ,ഒരു തരി പോലും ബാക്കിയില്ല

‘ ഓഹ് ,..ഞാൻ എല്ലാവർക്കും ഓരൊ സാധങ്ങൾ വാങ്ങിയിട്ടുണ്ട്, പെട്ടെന്ന് ഒരാളെ കൂടി കണ്ടപ്പോൾ ..? “

ദീപു ആശ്വാസം പ്രകടിപ്പിച്ചു

”കാറിൻെറ ഡിക്കിയിലും പിൻ സീറ്റിലും കുറച്ച് സാധങ്ങൾ ഉണ്ട് , ഏടുക്കണം , യാത്ര ശരിക്കും വയ്യാതാക്കി, രാത്രി ഹോട്ടലുകളിൽ തങ്ങിയിട്ടും . , ഒന്ന് കുളിക്കണം , പിന്നെ കുറച്ച് ഭക്ഷണം , സുഖായിട്ട് ഒരുറക്കം , ബാക്കിയൊക്കെ പിന്നെ ..“ ഒരു പാട് വിശേഷം പറയാനും കേൾക്കാനും കാത്ത് നിന്ന് മുത്തശ്ശിയോട് ദീപു പറഞ്ഞു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

കണ്ണൻ സാധങ്ങൾ എടുക്കാൻ തുനിഞ്ഞപ്പോൾ അവൻ തടഞ്ഞു ,

" ഒരാൾക്ക് തന്നെ സാധിക്കില്ല , ഇവിടെ വേറേ പണിക്കാർ ആരുമില്ലെ ..? "

അച്ഛമ്മ ഉള്ളിലുള്ള പെണ്ണുങ്ങളുടെ പേർ വിളിച്ചു , അവർ വന്നു , മുകളിൽ അയാൾക്കായി തയ്യാറാക്കി വെച്ചിരുന്ന മുറിയിൽ കൊണ്ട് ചെന്ന് വെച്ചു , അച്ഛമ്മ ദീപു വിൻെറ പിന്നിൽ നടന്നു, കുളിക്കാൻ കുളത്തിലേയ്ക്ക് പോകേണ്ടാ , കുളി മുറിയിൽ മതിയെന്ന് നിർ ബന്ധിക്കുന്നു , അമ്പിളിയെ സുഭദ്രാമ്മായി അടുക്കളയിലേയ്ക്ക് കൂട്ടി കൊണ്ട് പോയി ..

"ഇന്ന് പണിക്കാർ എത്ര പേരുണ്ട് , ചാമ കുന്നിൻെറ താഴത്ത് ..? "
അനന്തമാമയുടെ ശബ്ദം ഉയർ ന്നപ്പോൾ കണ്ണൻ ഞെട്ടി ,
" പതിനാറു പേർ , കള പറിക്കുന്നു , .."
" നീ പോകുന്നില്ലെ .."

അവനു വിശപ്പ് തോന്നിയില്ല , ഊണു കഴിക്കാൻ പറയാൻ സുഭ്ദ്രാമ്മായിയും മറന്നു പോയിരിക്കുന്നു , നടന്നു

" ഉവ്വ് .."

അവർ കഞ്ഞി കുടിക്കാൻ പോയിക്കാണും എന്നാലും സാരമില്ല , അവിടെ പോയിരിക്കാം

വൈകുന്നേരം രാജനെ അനേഷിച്ചു പോയപ്പോൾ അവൻ കളിയാക്കി

" ഏയ് നിനക്ക് കാണാൻ വരാനൊന്നും ഒഴിവുണ്ടാകില്ലാന്ന് പറഞ്ഞിട്ട് .."

കാര്യങ്ങൾ അറിഞ്ഞപ്പോൾ അവൻ പറഞ്ഞു

" അയാൾ കാര്യം അറിഞ്ഞു കാണില്ല , അറിയുമ്പോൾ ശരിയാകും , പതുക്കെ ബാലമാമയോട് ഒന്ന് സൂചിപ്പിക്കാൻ പറ.."

ബാല മാമയോട് പറഞ്ഞപ്പോൾ പറഞ്ഞു
" അതിൽ ഒരു പ്രശ്നം ഉണ്ടെടാ.. നിൻെറ അച്ഛമ്മയാണു പറയേണ്ടത് , ഞാൻ പറഞ്ഞാലും അവൻ അത് ചേച്ചിയോട് ചോദിക്കും , സ്വന്തം അച്ഛൻെറ അത്ര കേൾക്കാൻ സുഖമില്ലാത്ത കാര്യാ...ഇതൊന്നും അവനോ അവൻെറ അമ്മയോ അറിഞ്ഞിട്ടു കൂടിയുണ്ടാവില്ല , മരിച്ചു പോയോടത്ത് , ഞാൻ അപവാദം പറഞ്ഞെന്നാവും വിചാരിക്കാ , നിൻെറ അച്ഛമ്മ അത് അം ഗീകരിച്ചു കൊടുത്തില്ലെങ്കിൽ ...നിനക്ക് തോന്നുണ്ടോ അവരായിട്ട് ഇത് അവനോട് പറയുമെന്ന്, അഥവാ ചോദിച്ചാലും ഉണ്ടെന്ന് പറയുമെന്നും ...? –അവനും അവൻെറ

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

അമ്മയ്ക്കും ഇത് ഇഷ്ടാകുമൊ , സ്വന്തം മകൻ ഒരു ചതിയനാണെന്ന് സ്വന്തം അമ്മ പേരക്കുട്ടിയോട് പറയോ , അയാൾ ഇനി ഇവിടെ തന്നെ നിൽക്കാനുള്ള വഴിയാണു അവരു നോക്കുന്നത് , അവൻെറ അമ്മയേ കൂടി ഇങ്ങോട്ട് കൊണ്ട് വരാൻ .." – ബാലമാമ സഞ്ചിയും തൂക്കി യാത്രയാകുന്ന വഴിയായിരുന്നു ,

ആലോചിച്ചപ്പോൾ ശരിയാണു , ഇവിടെ നിന്നാരും പറയില്ല , രാജൻ അപ്പോഴും സമാധാനിപ്പിച്ചു

" അവൻ പെട്ടെന്നൊന്നും തിരിച്ചു പോകില്ലല്ലോ , പുറത്തിറങ്ങട്ടെ , ഞാൻ ശരിയാക്കാം .."

പക്ഷെ ഒരം ഗീകാരവും വേണ്ട , ഉണ്ടായിരുന്നത് കിട്ടിയാൽ മതിയെന്നു തോന്നിച്ചു , വൈകുന്നേരം പോയപ്പോൾ അച്ഛമ്മ അവനെ നാമം ചൊല്ലാൻ പഠിപ്പിക്കുന്നു , അവനത് കേട്ട് നന്നായി ചൊല്ലുന്നുണ്ട് , കാഴ്ചകാരായി ബാക്കിയുള്ളവർ

" നീ പൈകുട്ടിയെ നോക്കിയില്ലെ , അതിനെന്തോ വയ്യായ എന്ന് പെണ്ണുങ്ങൾ പറഞ്ഞു .."

അവനു ചിരിക്കാൻ തോന്നി , ഒരു പൈകുട്ടിയായി ജനിച്ചാൽ പോലും ഓർ ക്കും ശ്രദ്ധിക്കും
" അതിനു വിരയ്ക്കുള്ള മരുന്ന് , നാളെ കിട്ടും ..കൊടുക്കാം .."
കുളത്തിൽ നിന്ന് കുളിച്ച് , ചായ്പ്പിൽ പോയി വസ്ത്രം മാറി അടുക്കളയിലേയ്ക്ക് നടന്നു ,അമ്മിണിയമ്മ എന്തോ അരിഞ്ഞു കൊണ്ടിരിക്കുന്നു

" എന്താ കണ്ണൻ കുട്ട്യേ .. ഉച്ചയ്ക്ക് ഉണ്ണാൻ വരാതിരുന്നത് , വിശപ്പ് അടുത്തു കൂടെ പോകാൻ പറ്റാത്ത ആളാലോ .."

അവൻ അവരുടെ മുഖത്തേയ്ക്ക് തന്നെ നോക്കി , മുത്തശ്ശിയും അമ്മയും ജീവിച്ചിരുന്നതു ഈ അടുക്കളയിലാണു ..മരിച്ചതും ഇവിടെ വന്നതു കൊണ്ട് ...രൂപം മാറി അമ്മിണിഅമ്മ ആയിരിക്കുന്നു , നുണ പറഞ്ഞു
" എന്തോ ഇന്ന് വിശന്നില്ല , പകരം ഇപ്പൊ നന്നായിട്ടുണ്ട് .. "

അവർ എഴുന്നേറ്റ് കിണ്ണത്തിൽ ചോറു വിളമ്പി, പിന്നെ കറികളും , കഴിക്കുന്നതിനിടയിൽ അമ്പിളി ഓടി വന്നു ..കയ്യിലെ പൊതി തുറന്നു കാണിച്ചു , പുതിയ വില കൂടിയ ഒരു സാരി , ഡിഗ്രിയ്ക്ക് പഠിക്കുന്ന കുട്ടികൾ ഇടയ്ക്ക് ഉടുത്ത് പോകാറുണ്ടത്രെ .. ഇത് എല്ലാവരേയും അസൂയ പ്പെടുത്തും ..അവളുടെ ചോദ്യത്തിനു അതെ എന്ന് ഉത്തരം പറഞ്ഞു , പിന്നെ അവൾ ഇനി ക്ലാസ്സിൽ പോകുന്നതും വരുന്നതും കാറിൽ ആണെന്നും ...ദീപുവേട്ടൻ കൊണ്ട് പോയി വിടും , കൊണ്ട് വരും ...അവളുടെ സന്തോഷം കണ്ടപ്പോൾ വയറു നിറഞ്ഞു , പശുവിൻെറ തൊട്ടിയിലേയ്ക്ക് ബാക്കിയുള്ള ചോറും കറികളും കളഞ്ഞിട്ട് പാത്രം കഴുകി വെച്ച് പൂമുഖത്തേയ്ക്ക് നടന്നപ്പോഴും അവിടെ ബഹളം കേൾക്കാം

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

,ദീപുവിൻെറ ശബ്ദം ഉയർന്നു കേൾക്കുന്നു , “ മമ്മ വരും , കുറച്ചു ദിവസം കൂടി കഴിയട്ടേ , അവിടെ നിന്ന് എല്ലാം ഇട്ട് പെട്ടെന്ന് വരാനാകില്ല ഇരുട്ട് പരക്കുമ്പോഴേയ്ക്കും അന്വേഷിച്ചു കാത്തിരിക്കാറുള്ള മുത്തശ്ശി തന്നെ മറന്നിരിക്കുന്നു , അവൻ മുറ്റത്തിൻെറ അരികിലെ ചെമ്പകത്തിൻെറ ചുവട്ടിലുള്ള തറയിൽ പോയിരുന്നു , ബഹളം കഴിഞ്ഞ് ചെന്നപ്പോൾ സ്ഥിരം കിടക്കാറുള്ളിടത്ത് ഒരു കട്ടിൽ ,
സുഭദ്രാമ്മായി പറഞ്ഞു

” കണ്ണാ , നിൻെറ മെത്ത ചായ്പ്പിൽ ഉണ്ട് , ദീപുവിനു അമ്മയുടെ അടുത്ത് കിടക്കണമത്രെ ..“

എത്ര ഉറങ്ങാൻ ശ്രമിച്ചിട്ടും ഉറക്കം വന്നില്ല ...

പണിക്കാർ ക്കും നാട്ടുകാർക്കും ദീപുവിൻെറ വിശേഷമറിയാൻ തിരക്കാണെന്ന് തോന്നി , പലരും തന്നോട് സം സാരിക്കുന്നത് അതിനു വേണ്ടി മാത്രമാണെന്നും , തെങ്ങിൻ പറമ്പിൽ തേങ്ങയിടുന്നിടത്ത് ഒരിക്കൽ അമ്പിളിയുടെ കൂടെ ദീപു വന്നപ്പോൾ , പകുതി വരെ കയറിയവർ പോലും ഇറങ്ങി വന്ന് വിശേഷം അന്വേഷിക്കുന്നു ,ഇളനീർ ചോദിക്കാതെ തന്നെ വെട്ടി കൊടുക്കുന്നു , കണ്ണേട്ടൻ എന്ന പേർ അമ്പിളി പോലും മറന്നതു പോലെ ...

രാജൻ അതിനെ വിശദീകരിച്ചു ,

“ ടാ , എല്ലാവരും നിന്നെയല്ല ഇഷ്ടപ്പെടുന്നത് , നിൻെറ സ്ഥാനം , അതിനെ ആണു ഇഷ്ടപ്പെടുന്നതും , സ്നേഹം കാണിക്കുന്നതും , ബഹുമാനിക്കുന്നതും ഒക്കെ , - അതിൻെറ യഥാർത്ഥ അവകാശി വന്നിരിക്കുന്നു , ഒറിജിനൽ ഉള്ളപ്പോൾ ആരെങ്കിലും ഡ്യൂപ്ലിക്കേറ്റിൻെറ പുറകെ പോകുമോ , ഞാൻ , ഇഷ്ടപ്പെടുന്നത് , കണ്ണൻ എന്ന വ്യക്തിയെ ആണു , അല്ലാതെ ആ സ്ഥാനത്തെ അല്ല ..അതാണു എനിക്കിപ്പോഴും നിന്നോടുള്ള ഇഷ്ടവും സ്നേഹവും , നിൻെറ സ്ഥാനത്തെ സ്നേഹിച്ചിരുന്നവർ ഒക്കെ ഇനി അയാളുടെ പുറകെ പോകും ..”

പിന്നെ അവൻ പറഞ്ഞത് ശരിക്കും ഞെട്ടിച്ചു

‘ അവൻ വന്ന് വായനശാലയിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ട് , ഒരു കമ്പ്യൂട്ടർ വാങ്ങനുള്ള പൈസ കൊടുത്തു എന്നും , അവൻ ആവശ്യമുള്ളവരെ അത് ഉപയോഗിക്കാൻ പഠിപ്പിച്ചു കൊടുക്കുമെന്നും , എല്ലാവരും ഇപ്പൊ അതിൻെറ പുറകിലാ , നീ അങ്ങോട്ട് പോകേണ്ടാ , കൂടുതൽ വിഷമാകും ..“

പറഞ്ഞിട്ട് വിശ്വാസം വരാതെ അവിടെ വരെ പോയി , പക്ഷെ ആർക്കും പഴയ മുഖമില്ല , ദീപു വന്നു കയറിയതോടെ എല്ലാവരും ഓടുന്നതും കണ്ടു ..

This document was created using Smart PDFCreator
To remove this message purchase the product at www.SmartPDFCreator.com

പിറ്റേന്ന് രാജൻ പറഞ്ഞ കാര്യം ശരിക്കും സങ്കടപ്പെടുത്തി , എല്ലാ പ്രതീക്ഷകളെയും അത് തകർത്തതു കൊണ്ട് ..

" ഞാൻ ദീപുവിനെ കണ്ട് നിൻെറ കാര്യം സൂചിപ്പിച്ചു .."

" എന്തു പറഞ്ഞു അപ്പോ " വൈകുന്നേരം രാജൻ ഓടിക്കിതച്ച് വന്നിട്ട് പറയുകയാണു
" എന്നെ തല്ലിയില്ലെന്നെ ഉള്ളു , നിങ്ങളുടെ അച്ഛനെ കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചു എന്നോട് , ഞാൻ ഇല്ലാ എന്ന് പറഞ്ഞു , എന്നാൽ കൂടെ കുറച്ച് നാൾ ജീവിച്ച ആളാ ഞാൻ , എനിക്കറിയാം എൻെറ പപ്പയെ , അനാവശ്യമായി സംസാരിച്ചാൽ ഇങ്ങനെ അല്ല ഇനി പ്രതികരിക്കാ എന്ന്..ഞാൻ ഓടി പോന്നെടാ.."

ഉത്സവ കമ്മിറ്റിക്കാർ വന്ന് ആ കൊല്ലത്തെ ഉത്സവത്തിൻെറ കമ്മറ്റി സെക്രട്ടറി ദീപുവിനെ ആക്കണമെന്ന് അച്ഛമ്മയോട് പറഞ്ഞു ,
"ഒന്നിനും ഇറങ്ങേണ്ടാ , മുന്നിൽ ഒന്ന് നിന്ന് തന്നാൽ മതി " എന്ന് പറഞ്ഞോൾ അച്ഛമ്മയ്ക്ക് സന്തോഷം തോന്നി നല്ലൊരു സംഖ്യ അപ്പോൾ തന്നെ കൊടുത്തെന്നും , - ഉത്സവം എല്ലാ കൊല്ലത്തേക്കാളും കേമമായി നടന്നു , കണ്ണൻ പുറത്തേയ്ക്കിറങ്ങാതെ ആ വീടും ചായ്പ്പും പണിക്കാരും ഒക്കെയായി കൂടി, ഒരു നാടക സമിതിയിൽ നിന്നുള്ള കത്ത് കിട്ടിയപ്പോൾ രാജൻ പോയി , അവിടെ ചെന്ന് അവൻ എഴുതിയ കത്താണു ഒരു ചെറിയ ആശ്വാസം ..

" ഞാൻ ഇവിടെ സുഖമായി എത്തി , ചെറിയ വേഷമാണു , മൂന്ന് ഡയലോഗ് ഉണ്ടെനിക്ക് , റിഹേസലിൽ ഞാൻ ആദ്യം തന്നെ നന്നാക്കി ചെയ്തു , പിന്നെ , ഇവിടെ എല്ലാവർക്കും എനിക്ക് പറ്റവുന്നതു പോലെ ഉള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനാൽ എന്നെ മുതലാളിയ്ക്കും വലിയ കാര്യമാണു , അദ്ദേഹത്തിനു വേറേയും ചില ബിസിനസ്സും സ്ഥാപനങ്ങളും ഉണ്ട് , എന്ത് വിഷമം വന്നാലും നീ ബുദ്ധി മോശം ഒന്നും കാണിക്കരുത് , എന്തെങ്കിലും ജോലി ശരിയാക്കാം , എൻെറ കൂടെ , എൻെറ വിലാസം താഴെ എഴുതിയിട്ടുണ്ട് ,അവിടെ പറ്റാതായാൽ നേരെ വരണം .. "

മരിക്കാൻ പേടിയാണു ..പിന്നെ എന്തിനു മരിക്കണം , ഒന്നും അവകാശപ്പെടാനില്ലാത്തവനു നഷ്ടങ്ങളെ പറ്റി ഓർ ക്കാനോ വിഷമിക്കാനോ അവകാശമില്ലല്ലോ ...

പക്ഷെ ആ വീടിനുള്ളിലും നിൽകാനാകാത്ത അവസ്ഥ വരുമെന്ന് ഒരിക്കലും വിചാരിച്ചില്ല , എന്തോ അന്വേഷിച്ച് ദീപുവിൻെറ റൂമിൻെറ മുന്നിലൂടെ കടന്നു പോയപ്പോഴാണു അമ്പിളി കരഞ്ഞു കൊണ്ട് അതിനുള്ളിൽ നിന്നും വാതിൽ തുറന്നു പുറത്തേയ്ക്ക് വന്നത് , അവളുടെ പിന്നിൽ ഓടി വന്ന ദീപു ഒരു നിമിഷം അവനെ കണ്ടു പകച്ചു , അവളുടെ മുഖത്തും മുന്നിൽ വന്നു പെട്ടതിൻെറ ഒരു പരിഭ്രമം ഉണ്ടായിരുന്നു , കാണാണോ സം സാരിക്കാനോ ഉള്ള സാഹചര്യങ്ങൾ ,

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

കുറവ് , പിന്നെ അമ്പിളി അതിനു ശ്രമിക്കാതിരുന്നതു കൊണ്ടും , ആ സ്വപ്നങ്ങളും പഴയ മരപ്പെട്ടിയിൽ പൂട്ടി വെച്ചു , കഷ്ടപ്പെട്ട് കണ്ടപ്പോൾ ചോദിച്ചു ,
മറുപടി പക്ഷെ പ്രതീക്ഷിക്കാത്തതായി ..

“ അത് എനിക്കും ദീപുവേട്ടനും തമ്മിലുള്ള കാര്യാ കണ്ണേട്ടൻ അറിയേണ്ടതില്ല ..”

രാത്രി ഭക്ഷണം കഴിക്കുമ്പോഴാണു അമ്മിണിയമ്മ പറഞ്ഞത്

“ നീ അറിഞ്ഞൊ കുട്ട്യേ , നമ്മുടെ അമ്പിളികുട്ടിയുടെ കല്ല്യാണാ , ആ കുട്ടിയായിട്ട് , നിൻെറ അനിയൻ ..അയാളുടെ അമ്മയും അമ്മാവനും എത്തിയിട്ടുണ്ട് ..”

കഴിച്ചത് തൊണ്ടയിൽ ഇരുന്നു , അവർ മുന്നിൽ നിന്ന് മാറാത്തതു കൊണ്ട് പതിയെ ഇറക്കി ,

കുറച്ച് നാളായി ഒന്നും അറിയാറില്ല ,അച്ചഛമ്മയെ കാണുമ്പോഴൊക്കെ മിക്കവാറും ദീപു കൂടെ ഉണ്ടാകും ,അച്ഛമ്മയുടെ കഷ്ടപ്പെട്ടിട്ടുള്ള നോട്ടം കാണുമ്പോൾ കരുതും എന്തിനു ബുദ്ധിമുട്ടിക്കണം ..അടുത്തേയ്ക്ക് പോകാറില്ല , ഒന്നാമത് സമയമില്ല , പണിക്കാരും ബഹളവും , പിന്നെ ചായ്പ്പിൽ ഇപ്പൊ ശീലായി , പകലത്തെ ഓട്ടവും പായ്ചിലും കഴിഞ്ഞ് കുളിച്ച് എന്തെങ്കിലും കഴിച്ചാൽ കിടക്കുമ്പോഴേയ്ക്കും ഉറങ്ങി പോകും ..ഇത് പക്ഷെ ...

രാജനു കാര്യങ്ങൾ വിശദമായി എഴുതി , കല്ല്യാണം ഉറപ്പിക്കുന്നതിൻെറ തലേന്ന് രാത്രി ഇവിടെ നിന്നു വരുമെന്ന് പ്രത്യേകിച്ചും ..അവൻെറ മറുപടിയിൽ സന്തോഷം കണ്ടു , നീ മറ്റൊന്നും ചിന്തിക്കരുതെന്ന് അവനും പ്ര്‌ത്യേകിച്ചെഴുതിയിരിക്കുന്നു ...“

ദീപുവിൻെറ അമ്മയുടേയും അമ്മാവൻെറയും കണ്ണിൽ പെടാതിരിക്കാൻ കണ്ണൻ പരമാവധി ശ്രമിച്ചു , അതിൽ വിജയിക്കുകയും ചെയ്തു, അനന്ത മാമൻ വിളിച്ച് പറഞ്ഞപ്പോഴാണു കണ്ടത് ,

“ കണ്ണാ , ഇതാണു ദീപുവിൻെറ അമ്മ , അമ്മാവൻ , ഇനി മൂന്ന് ദിവസമെ ഉള്ളൂ , കല്യാണം ഉറപ്പിക്കൽ ചടങ്ങിനു , കല്ല്യാണം ആറു മാസം കഴിഞ്ഞ് മതിയെന്നാണു തീരുമാനം , ഇവർക്ക് അവിടെ കുറച്ച് കാര്യങ്ങൾ ഉണ്ട് , അതു കഴിഞ്ഞ് ഇവിടെ വന്ന് താമസമാകും ..നിന്നോട് ഇത് പറഞ്ഞത് , കാര്യങ്ങൾ നന്നായി നോക്കാനാ , ആളുകൾക്കെ കുറവുണ്ടാകൂ , ബന്ധുക്കളും വേണ്ടപ്പെട്ട നാട്ടുകാരും , ചടങ്ങ് നന്നാകണം ..കല്ല്യാണം പിന്നെ നാടൊട്ടുക്കും വിളിക്കണം ...നീ എല്ലാറ്റിലും ശ്രദ്ധിക്കണം ..”

This document was created using SmartPDFCreator
To remove this message purchase the product at www.SmartPDFCreator.com

വെളുത്ത് ഒരൽപം തടിച്ച് മുഖത്ത് നല്ല ഐശ്വര്യം തോന്നുന്ന ഒരമ്മ , നല്ല ഉയരത്തിൽ കണ്ടാൽ പേടി തോന്നുന്ന ആകാരവും മുഖഭാവവും ഉള്ള ഒരാൾ അമ്മാവൻ ..

കണ്ണൻ തലയാട്ടി , വളർ ത്തു നായ , കുരയ്ക്കാൻ പറഞ്ഞാൽ കുരയ്ക്കണം , കടിക്കാൻ പറഞ്ഞാൽ കടിക്കണം , ഇനിയിപ്പൊ കടിക്കേണ്ടവർ ആണെങ്കിലും വേണ്ടെന്ന് പറഞ്ഞാൽ വിട്ട് പോരണം , ചിലപ്പോൾ അവർ തല്ലിയാലും ....

അമ്പിളിയെ ഒന്ന് കാണാൻ പരമാവധി ശ്രമിച്ചു , പക്ഷെ അവൾ ഒഴിഞ്ഞു മാറി ,

അച്ചരമ്മയോട് പറയണം എന്ന് കരുതി ആദ്യം പോകാണെന്ന് , അമ്പിളിയുടെ കല്ല്യാണം ഉറപ്പിച്ചപ്പോൾ പോകുന്നതിനു എന്ത് വിശദീകരണം നൽകും ..എന്ത് പറഞ്ഞാലും ഒന്നും നടക്കാൻ പോകുന്നില്ല , വെറുതെ നന്ദി കെട്ടവൻ എന്ന പേര് സമ്പാദിക്കാമെന്നല്ലാതെ ..പറയുന്നില്ല

ഓടി നടന്നു , എല്ലാ കാര്യങ്ങൾക്കും , ചില വീടുകളിൽ നാട്ടിൽ ക്ഷണിക്കാൻ പോലും , എല്ലാം നന്നായി , പന്തൽ , ദേഹണ്ഡക്കാർ , സാധനങ്ങൾ എല്ലാറ്റിലും ശ്രദ്ധിച്ചു , ഒന്നിനും ഒരു കുറവുമില്ലാതെ , സദ്യയ്ക്കുള്ള സാധങ്ങൾ എല്ലാം അരിഞ്ഞു വെച്ച് ദേഹണ്ഡക്കാർ കിടന്നു , ഇനി പുലർച്ചയ്ക്ക് എഴുന്നേറ്റാണു ബാക്കി കാര്യങ്ങൾ , വീട്ടിൽ ആളുകൾ ഒരു പാട് ഉണ്ട് , പലരേയും പരിചയം പോലും ഇല്ല , ബാല മാമ കുറച്ച് കഴിച്ച് നേരത്തെ കിടന്നു, ഭാഗ്യത്തിനു തലേന്നെത്തി , ചെറിയ ബാഗിൽ ആവശ്യത്തിനുള്ള തുണികൾ എടുത്തു , പലപ്പോഴായി കിട്ടിയിട്ട് കൂട്ടി വെച്ച് പൈസയും ...അച്ചരമ്മയുടെ അടുത്ത കട്ടിലിൽ വേറെ ആരോ ഉറങ്ങുന്നു , പിന്നെ താഴേയും , അമ്പിളി യെ കണ്ടില്ല ...അമ്മിണിയമ്മ അടുക്കളയോടുള്ള ചെറിയ മുറിയിൽ ഉറക്കമാണു , അകത്ത് പണിയ്ക്കായ് വന്നിട്ടുള്ള പെണ്ണുങ്ങൾ അടുക്കളയിൽ കിടക്കുന്നു ..

എത്ര ശ്രമിച്ചിട്ടും പടികടക്കുമ്പോൾ അവൻ പൊട്ടിക്കരഞ്ഞു , ശബ്ദം പുറത്ത് കേൾക്കാതിരിക്കാൻ സ്വയം വായ പൊത്തി

,

നേരെ ചെന്നാൽ കവലയിലേയ്ക്ക് , വീട്ടിൽ നിന്നിറങ്ങി , മുന്നോട്ട് പോയി , പാടത്തിൻെറ അരുകിലെ ചെറിയ കലുങ്കിൻെറ അരികിലൂടെ വലത്തോട്ട് കുറേ ദൂരം നടന്ന്  പോയാൽ കവലയ്ക്ക് അപ്പുറത്തെ സ്ഥലത്തെത്തും, കാലത്ത് ബസ്സ് അവിടെ നിന്നാണു പുറപ്പെടുന്നത് , കവലയിൽ പോയിരുന്നാൽ ആരെങ്കിലും തിരിച്ചറിയും , മറ്റെ സ്ഥലത്താണെങ്കിൽ പെട്ടെന്ന് തിരിച്ചറിയില്ല , തലയിൽ തോർ ത്ത് കെട്ടിയിട്ടുണ്ട് , ബസ്സ് അവിടെ തന്നെ നിർ ത്തിയിട്ടുണ്ടാകും , പറ്റിയാൽ അതിൽ തന്നെ ഇരുന്നോ കിടന്നോ നേരം വെളുപ്പിക്കാം , അല്ലെങ്കിൽ ഏതെങ്കിലും കടത്തിണ്ണ , അവൻ വേഗം നടന്നു ...

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

നടന്ന് കലുങ്കിൻെറ അടുത്തെത്താറയപ്പോൾ നിലാവിൻെറ വെളിച്ചത്തിൽ ഒരാൾ അതിൽ കിടക്കുന്നത് കണ്ടു , അതിടയ്ക്ക് കാണാറുള്ളതാണു , പലരും കഴിച്ചത് അധികമാകുമ്പോൾ നടക്കാൻ വയ്യാതെ അതിൽ കിടക്കും , വെളുക്കാറാകുമ്പോൾ സ്ഥലം വിടും ..കണ്ണൻ കാലടിയുടെ ശബ്ദം ഇല്ലാതെ നടക്കാൻ ശ്രദ്ധിച്ചു , തോർത്ത് തല നന്നായി മൂടാനും, ..ആരാണു കിടക്കുന്നതെന്നോ , എന്താണെന്നോ നോക്കാതെ നടന്നു പോകുന്നതിനിടയിൽ അവൻ ഒരു വിളികേട്ടു ,

" ഏട്ടാ .." വിജനമായ അവിടെ കലുങ്കിൽ കിടന്ന ആളും അവനു മാത്രമായതു കൊണ്ട് കണ്ണൻ തിരിഞ്ഞു നോക്കി , ഇനിയിപ്പോ ഉറക്കത്തിൽ വിളിക്കുന്നതോ

പക്ഷെ കിടന്നിരുന്ന ആൾ എഴുന്നേറ്റിരിക്കുന്നു

" ഞാൻ കാരണം ഏട്ടൻ നാടു വിട്ടു പോകാണല്ലെ ,,? "

ഇരുന്നിരുന്ന ആൾ ചുണ്ടിൽ ഒരു സിഗറെറ്റ് വെച്ചു , ലൈറ്റർ കൊണ്ട് കത്തിച്ചപ്പോൾ മുഖം മനസ്സിലായി

ദീപു....!!!
കണ്ണൻ സ്തംഭിച്ചു നിന്നു , പറയാൻ വാക്കുകൾ കിട്ടിയില്ല . ..

" വാ , ഇവിടെയിരിക്കൂ.."

ദീപു വിളിച്ചപ്പോൾ അവൻെറ കാലുകൾ അറിയാതെ കലുങ്കിലേയ്ക്ക് നീങ്ങി

" ഒരു സിഗറെറ്റ് വലിയ്ക്കൂ .."

" ഏയ് വേണ്ടാ എനിക്കു വേണ്ടാഞ്ഞിട്ടാ , .." അടുത്താണെങ്കിലും കണ്ണൻ അയാളെ തൊടാതിരിക്കാൻ ശ്രമിച്ചു

" ഓ.കെ , വേണ്ടെങ്കിൽ വേണ്ടാ , ദാ , ഇവിടെ യിരിക്കുന്നു , വേണം എന്ന് തോന്നുമ്പോൾ എടുക്കൂ , " അവൻ പാക്കറ്റ് ഇടയിൽ വെച്ചു

" എവിടെയ്ക്കാ പോകുന്നത് ..? "

" അത് ..എനിയ്ക്ക് അങ്ങിനെ ഇടം ഒന്നുമില്ല , ഈ നാടിനെ അപ്പുറം ഒരു സ്ഥലം ഞാൻ കണ്ടിട്ടില്ല ,,,രാജൻ എഴുതിയിരുന്നു , വിഷമാണെങ്കിൽ വന്നോളാൻ ..അവൻെറ അടുത്തേയ്ക്ക് ..."

പറയുമ്പോൾ സങ്കടം വന്ന് കണ്ണൻെറ തൊണ്ടയിടറി...

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ ഞാൻ കാരണമാണു പോകുന്നതെങ്കിൽ എങ്ങോട്ടും പോകേണ്ടാ.., ഞാൻ പോയി തരാം..മതിയോ..?”

നിലാവിൻെറ വെളിച്ചത്തിലും അവൻെറ കണ്ണിലെ കുസൃതി കണ്ണൻ കണ്ടു , എപ്പോഴും അങ്ങിനെയാണല്ലൊ , തൻെറ സങ്കടങ്ങൾ മറ്റുള്ളവർക്ക് തമാശ ..

“ വേണ്ടാ , ദീപു അല്ലല്ലോ പോകേണ്ടയാൾ  , ഞാനല്ലെ എന്നായാലും ..” കണ്ണൻ പതുക്കെ പറഞ്ഞു

“ അല്ല , ഞാൻ ആണു പോകേണ്ടത് , ഞാനാണു അതിഥി , ഏട്ടൻ ആതിഥേയനും ..എല്ലാം അറിഞ്ഞിട്ടാണു ഞാൻ പറയുന്നത് , ആ അർത്ഥത്തിലുമാണു ഏട്ടൻ എന്ന് വിളിക്കുന്നതും , നാളെ ഞാൻ പറയാം എല്ലാവരോടും , എല്ലാവരെ കൊണ്ടും അം ഗീകരിപ്പികുകയും ആകാം , ഞാൻ വന്നതോടെ നാട്ടുകാരും വീട്ടുകാരും പഴയ പരിഗണന പോലും തരുന്നില്ല , അതല്ലെ സങ്കടം ...?, എനിക്ക് മനസ്സിലായി   ”

അപ്പോഴും അമ്പിളി , ചോദിക്കാൻ നാവുയർ ന്നതാണു , അവളെ നഷ്ടപ്പെടല്ലെ ...എന്നിട്ടെങ്ങിനെ പിന്നെ , നിൽക്കുംതോറും വിഷമം കൂടുകയേ ഉള്ളൂ ...എന്നാലും എത്രയോ കാലം കേൾക്കാൻ ആഗ്രഹിച്ചതാണു കേൾക്കുന്നത് , സന്തോഷവും തോന്നാതിരുന്നില്ല ...

“വേണ്ട , ഇരുട്ടിൻെറ മറവിൽ , ആരുമില്ലാത്തിടത്തിരുന്നാണെങ്കിലും , ഒന്ന് പറഞ്ഞു കേട്ടല്ലോ , എല്ലാം അറിഞ്ഞിട്ടാണു ഏട്ടൻ എന്ന് വിളിക്കുന്നതെന്ന് , സന്തോഷായി , മനസ്സിൽ എന്നും സൂക്ഷിക്കാനുള്ള സമ്പാദ്യം കിട്ടിയെനിക്ക്, ഇത്ര നാളും എന്തെങ്കിലും വിഷമം ദീപു കാരണം എനിക്കുണ്ടായി എന്ന് ചിന്തിച്ചത് , ഈ നിമിഷം ഇല്ലാതായി ...ഞാൻ പോകാണു ...ചടങ്ങ് തീരും വരെയെങ്കിലും ആരോടും പറയാതിരിക്കണം , ഞാൻ ഇങ്ങിനെ പോയെന്ന്..” പറഞ്ഞിട്ട് പോകാൻ എഴുന്നേറ്റ കണ്ണൻെറ കയ്യിൽ ദീപു പിടിച്ചു ,

“ പൊയ്ക്കോളു , ഞാൻ തടയുന്നില്ല , പക്ഷെ എനിക്കറിയാം , ഇപ്പൊ ആ സ്ഥാനത്തെക്കാളുപരി വേറേന്തോ നഷ്ടപ്പെടുന്നു നിങ്ങൾക്ക് , അല്ലെങ്കിൽ ആ സ്ഥാനം കിട്ടിയാലും , ഈ നഷ്ടത്തിനു മുന്നിൽ വിലയില്ലാത്തത് ..ശരിയല്ലെ ..?”

കണ്ണൻ ഒന്നും മിണ്ടിയില്ല , തല താഴ്ത്തിയിരുന്നു

ദീപു അധികം ശബ്ദമില്ലാതെ ചിരിച്ചു

“ എനിക്കറിയാം അമ്പിളി , അവളെ നഷ്ടപ്പെടുന്നു ...” കണ്ണൻ അപ്പോഴും ഒന്നും മിണ്ടിയില്ല

ഒരു നിമിഷത്തെ ആലോചനയ്ക്ക് ശേഷം അവൻ പറഞ്ഞു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

" ഒരു കാര്യം ചെയ്യാം , ഏട്ടൻ കല്ല്യാണം കഴിച്ചോളൂ അവളെ , അതും ഞാൻ പറഞ്ഞു ശരിയാക്കാം .."

ഒന്നും മിണ്ടാതിരിക്കുന്ന കണ്ണൻെറ ചുമലിൽ അവൻ തട്ടി

" എന്നെ കളിയാക്കിയതു മതിയായെങ്കിൽ , പറയൂ , ഞാൻ പോകട്ടെ , " കണ്ണൻെറ കണ്ണുകൾ നിറഞ്ഞിരുന്നു , ദീപു സ്തബ്ധനായി

" ആരും സമ്മതിക്കില്ല , പിന്നെ ഇപ്പൊ അവൾ ഒട്ടും , പലതും ഞാൻ തന്നെ നേരിട്ട് കണ്ടിരുന്നു , ഒരിക്കലും നടക്കാത്ത കാര്യങ്ങൾ പറഞ്ഞ് എന്തിനു വെറുതെ .."

കണ്ണൻ സ്വയം പറയുന്ന മട്ടിലതു പറഞ്ഞപ്പോൾ

ദീപു കയ്യിരുലിരുന്ന സിഗററ്റ് കുറ്റി വലിച്ചെറിഞ്ഞു , ഒരെണ്ണം കൂടി കത്തിച്ചു

" കണ്ണേട്ടനു അവളെ ശരിക്കും അറിയില്ല , പിന്നെ ഞങ്ങൾ തമ്മിലുള്ള ബന്ധവും .. കണ്ണേട്ടൻ അന്ന് കണ്ടതു നേരാണു , പിന്നെ അവൾ അതിനെ പറ്റി ഒന്നും പറയാതിരുന്നതും , ആ സംഭവത്തിനു ശേഷം എന്നോട് അടുത്തിടപഴിയിരുന്നു എന്നതും , അത് മറ്റുള്ളവർ കാണുന്ന ഒരു രീതിയിലല്ല , പക്ഷെ എൻെറ ചില കണക്കു കൂട്ടലുകൾക്ക് അത് ആവശ്യമായിരുന്നു , എൻെറ ഒരു കഥ കേട്ടാണു അന്ന് അവൾ കരഞ്ഞിറങ്ങി പോയത് , അത് മറ്റാരും അറിയരുതെന്ന് ഞാൻ നിർ ബന്ധിച്ചിരുന്നു .."
അവൻ സിഗററ്റ് ആഞ്ഞു വലിച്ചിട്ട് പുക പുറത്തേയ്ക്ക് വിട്ടു

" ബസ്സ് പുലർച്ചയ്ക്കല്ലെ ഉള്ളൂ , ബുദ്ധിമുട്ടാവില്ലെങ്കിൽ ഞാനത് പറഞ്ഞോട്ടേ.." ദീപുവിൻെറ ചോദ്യത്തിനുമുന്നിൽ കണ്ണൻ എതിർപ്പ് പ്രകടിപ്പിച്ചില്ല ...

" മമ്മയുടെ കൂടെ മമ്മയുടെ ബ്രദർ എന്ന് പറഞ്ഞ് വന്നിട്ടുള്ള ആൾ ശരിക്കും മമ്മയുടെ ബ്രദർ അല്ല , പിന്നെ അവർ ഇവിടെ വന്നതും ശരിക്കും എൻെറ വിവാഹ നിശ്ചയത്തിനും അല്ല ..."

" പിന്നെ ..? " കണ്ണൻ അറിയാതെ ചോദിച്ചു പോയി

" ഡേവിഡ് അങ്കിൾ , പപ്പയുടെ ഫ്രണ്ട് ആയിരുന്നു , പോലിസ്സിലാണു , എൻെറ പതിഞ്ചാമത്തെ വയസ്സിലാ പപ്പ മരിക്കുന്നത് , പിന്നെ എന്നേയും ഡേവിഡ് അങ്കിളിൻെറ മകനെ പ്പോലെ ഗൈഡ് ചെയ്തു ,അങ്കിളിൻെറ മകനും ഞാനും ഒരേപ്രായക്കാരാണു ഞങ്ങളെ സഹായിക്കുന്നു , സാമ്പത്തികമായല്ല , ഒരാളെന്ന നിലയിൽ , അങ്കിളും ആൻറിയും , മൂന്ന് പേരെ കൊലപ്പെടുത്തിയ കേസിൽ

This document was created using Smart PDF Creator. To remove this message purchase the product at www.SmartPDFCreator.com

അങ്കിൾ  അന്വേഷിക്കുന്ന പ്രതിയാണു ഞാൻ , എന്നെ കൊണ്ട് പോകാണാ  അങ്കിൾ വന്നത് ..”

പറയുന്നത് വിശ്വാസം വരാതെ കണ്ണൻ ഇരുന്നു , അയാളിൽ നിന്ന് ഒരു ശബ്ദവും കേൾക്കാതായപ്പോൾ ദീപു അവന്റെ മുഖത്തേയ്ക്ക് നോക്കി ,

“ നുണ പറയല്ല ഞാൻ , സത്യമാണു , ഞാൻ തന്നെയാണു അങ്കിളിനെ അറിയിച്ചത് , കൊല്ലപ്പെട്ട ആളുകൾ അത്ര നിസ്സാരക്കാരല്ല , എന്റെ മമ്മയെ സുരക്ഷിതമായി കൊണ്ട് വരാൻ പറഞ്ഞു , പിന്നെ ഇവിടെയാണു ഞാൻ ഉള്ളതെന്നോ മമ്മ വരുന്നതന്നോ ആരുമറിയരുതെന്നും , അന്വേഷണം എന്നിലേയ്ക്ക് തിരിയുന്നത് അങ്കിൾ അറിഞ്ഞിരുന്നു ,അത് മറ്റുള്ളവർ അറിയുന്നതിനു മുൻപ് ,  പോലിസിൽ അവരുടെ ആളുകൾ ഉണ്ട് , അതു കൊണ്ട് മമ്മയെ ഇവിടെ എത്തിച്ചതാ.. , ഞാൻ നേരത്തെ പറഞ്ഞ കണക്കുകൂട്ടലുകൾ , ഒന്ന് മമ്മ ഇവിടെയ്ക്ക് വരാൻ നല്ല ഒരു കാരണം , പിന്നെ ഏട്ടന്റെ സ്ഥിതി മാറ്റാനുള്ള ഒരു മാർഗ്ഗം , അമ്പിളിയും ഞാനും അടുത്തിടപഴകിയപ്പോൾ , ഇവിടെയുള്ളവർ തന്നെ തന്ന ചാൻസാ ഇത് ..”

“ എന്തിനാ മൂന്ന് പേരെ...? ” കണ്ണന്റെ ശബ്ദം ശരിക്കും പുറത്ത് വന്നില്ല

“ എന്റെ പെണ്ണിനെ , അവളുടെ മമ്മിയെ ,  അത്രയ്ക്ക് ക്രൂരമായിട്ടാ അവരു കൊന്നത് , ബലാത്സംഗം ചെയ്തിട്ട്..പഠിക്കായിരുന്നു കോളേജിൽ , ഞാൻ ജോലിചെയ്യുകയും , പുറകെ നടന്നു ശല്ല്യം ചെയ്തിരുന്ന , പ്രേമാഭ്യർത്ഥനയുമായി , ഒരു സീനിയർ , എല്ലാതരം മോശം ആക്റ്റിവിറ്റീസും ഉള്ള ഒരുത്തൻ , ഒരിക്കൽ എല്ലാവരുടെയും മുന്നിൽ വച്ച് അവനെ അവൾ തല്ലി , പിന്നെ ഞാനുമായി ഇഷ്ടത്തിലാണെന്നുമറിഞ്ഞു , അവൾക്ക് മമ്മിയെ ഉണ്ടായിരുന്നുള്ളൂ , രാത്രി വാതിലിൽ വന്ന് വിളിച്ചത് അവളുടെ ക്ലാസ്സ് മേറ്റ് ആയിരുന്നു , പക്ഷെ തുറന്നപ്പോൾ ഇവർ...ആ പയ്യനെ ഭീഷണി പ്പെടുത്തി കൂട്ടി കൊണ്ടു പോയതാ , അവനാണു അവരാണു ചെയ്തതെന്ന് എന്നോട് പറഞ്ഞത് , അവനത് നേരിട്ട് കണ്ടിരുന്നില്ല , കാരണം അവനെ അവർ ഉള്ളിലേയ്ക്ക് കയറ്റിയില്ല . ഒരു പെണ്ണിനേ കൊണ്ട് ഞാനവരെ വിളിപ്പിച്ചു വരുത്തി ആദ്യം ഒരാളെ , നമ്മുടെ തന്നെ വാടകയ്ക്ക് കൊടുത്ത ഒരു ഫ്ലാറ്റ് ഉണ്ട് , എന്റെ വേറൊരു സുഹൃത്തിനു, അവൻ പ്രൊജെക്റ്റ് ചെയ്യാനായി ഓസ്ട്രേലിയയിൽ ആണു ,കീ ഉണ്ടായിരുന്നിട്ടും  ഡോർ കുത്തിതുറന്നാണു ഞാൻ ഉള്ളിൽ കയറിയത് , പോലീസ്സ് പെട്ടെന്ന് സംശയിക്കാതിരിക്കാൻ ,   പിന്നെ അവനെ കൊണ്ട് മറ്റ് രണ്ട് പേരേ വിളിച്ചു വരുത്തിയതും  ...അവിടെ വെച്ച് തീർത്തു ...കൃത്യമായയല്ലെങ്കിലും എന്റെ പെണ്ണിന്റെ മരണത്തിൽ ഇവർക്ക് പങ്കുണ്ടെന്ന് പോലിസ്സ് സം ശയിച്ചിരുന്നു , അതു കൊണ്ട് ഇവരുടെ മരണം തീർച്ചയായും അതുമായി ബന്ധം ഉണ്ടാകാമെന്നും ...ആദ്യം പലതും അന്വേഷിച്ച് പല വഴിയ്ക്കും പോയി , പക്ഷെ ക്ലാസ്സിലെ പലരേയും ചോദ്യം ചെയ്ത കൂട്ടത്തിൽ ആ പയ്യനെ ചോദ്യം ചെയ്തിരുന്നു , അവൻ അന്നത്തെ സംഭവം പറയുകയും ...പിന്നെ എനിക്ക് തോന്നി ഇനി

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

വൈകിയാൽ ഒന്നും ചെയ്യാൻ ആകില്ലെന്ന് ...എന്തിനു വേണ്ടീയാണെങ്കിലും കരുതി കൂട്ടിയുള്ള മൂന്ന് കൊലപാതകം , കൊലമരം , തന്നെയാകും എനിക്ക്... അന്ന് എൻെറ റൂമിലേയ്ക്ക് പതുക്കെ അമ്പിളി കയറി വന്നപ്പോൾ ഞാൻ അവളുടെ അഞ്ജലിയുടെ ഫോട്ടോ നോക്കിയിരിക്കായിരുന്നു , ആദ്യം ഒന്നും പറഞ്ഞില്ല , പിന്നെ കാണണമെന്നും , വരാൻ പറയാനുമൊക്കെ നിർ ബന്ധിച്ചപ്പോൾ പറയേണ്ടി വന്നു ...”

കണ്ണൻ സിഗറെറ്റ് പാക്കറ്റിൽ നിന്ന് ഒരു സിഗറെറ്റ് എടുത്ത് പെട്ടെന്ന് കത്തിച്ചു വലിച്ചു , ശീലമില്ലാത്തതു കൊണ്ടോ , മനസ്സു പതറിയതു കൊണ്ടോ അവൻ ചുമച്ചു ,

പുക ഊതി വിട്ടിട്ടു ചോദിച്ചു

“ അപ്പോ , എപ്പോഴാ കല്ല്യാണം കഴിച്ചത് ..”

ദീപു പിന്നേയും ചിരിച്ചു

“ കല്ല്യാണം കഴിച്ചിരുന്നില്ല, പക്ഷെ പറന്നു നടക്കായിരുന്നു ഞങ്ങൾ , രണ്ട് വീട്ടുകാരുടേയും സമ്മതത്തോടേ ..”

രണ്ട് പേരും കുറച്ച് നേരം ഒന്നും മിണ്ടിയില്ല , എന്താണു ചോദിക്കുക, എന്താണു പറയുക എന്ന് കണ്ണനു ഒരു ബോധ്യവും ഉണ്ടായില്ല
ദീപു തന്നെ സം സാരിച്ചു

“ മരണം അടുക്കുമ്പോൾ ജീവിക്കണം എന്ന കൊതി തോന്നും , എനിക്ക് അങ്ങിനെ തോന്നാറുണ്ട് , പക്ഷെ മരണം എപ്പോഴായാലും ഉണ്ടാകും , പക്ഷെ ജീവിച്ചിരിക്കാനുള്ള കൊതി , ഭൂമിയിൽ അല്ലെങ്കിൽ ആരുടെയെങ്കിലും ഒക്കെ മനസ്സിൽ , അതിനാണു ഞാൻ ഇങ്ങോട്ട് വന്നത് , പപ്പയുടെ മരണത്തിനു ശേഷം കുറച്ച് നാൾ കഴിഞ്ഞാണു ബാലമാമ അന്വേഷിച്ചു വന്നത് , പിന്നെ ഇടയ്ക്ക് അവിടെ വരും ഇവിടുത്തെ എല്ലാ കാര്യങ്ങളും പറയും , എനിക്ക് അത്യാവശ്യമായിട്ടെന്തെങ്കിലും അറിയിക്കണമെങ്കിൽ തങ്ക ടീച്ചർക്ക് കത്തെഴുതും , പുള്ളി എവിടെ പോയാലും ടീച്ചറെ കോണ്ടാക്റ്റ് ചെയ്യും എന്ന് പറയാറുണ്ട് , എൻെറ ഏട്ടൻെറ സ്ഥിതി ഞാൻ അങ്ങിനെയാണറിഞ്ഞത് , നാളെ നടക്കുന്ന ചടങ്ങ് ഈ അവസ്ഥയുടെ അവസാനമാണു , കണ്ണേട്ടൻ മാത്രമാണു വിവാഹം ചെയ്യുക എന്നയുറപ്പിലാണു അമ്പിളി തയ്യാറായതും , മമ്മയും അവൾക്ക് ഉറപ്പ് കൊടുത്തിട്ടുണ്ട് , നാടുകാരും വീട്ടുകാരും എനിക്ക് തരുന്ന സ്നേഹവും, പരിഗണനയും ഞാൻ മുഴുവൻ എൻെറ ഏട്ടനു തരുമ്പോൾ നാളെ മുതൽ ആ തലത്തിൽ അവർ ഏട്ടനെ സ്നേഹിക്കും , പിന്നെ ..”

അവൻെറ ശബ്ദം ഇടറി ,

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ മമ്മയെ , നമ്മുടെ ഞാൻ ഏൽപ്പിക്കാണു നന്നായി നോക്കണം , ഇത്ര നാളും ഒരു തമാശയ്ക്കായി ചെയ്തതൊക്കെ മറക്കണം .. , വിഷമം കൊണ്ടെന്തെങ്കിലും അരുതാത്തത് ചെയ്യുമോ എന്ന് കരുതി പിന്നിൽ നടക്കായിരുന്നു ഞാൻ കുറച്ച് ദിവസമായി , നാളെ കാലത്ത് പുതിയ വസ്ത്രങ്ങളുമായി വന്ന് ചെക്കനെ റെഡിയാക്കുന്നത് ഞാനാണു അതു വരെ പറയരുതെന്ന് മമ്മയോടും ബാലമാമയോടും ഞാൻ മുൻപേ പറഞ്ഞിരുന്നു ,അപ്പോഴത്തെ മുഖത്തെ അത്ഭുതം കാണാൻ , മമ്മ വന്ന അന്നു തന്നെ സം സാരിക്കണം എന്ന് പറഞ്ഞതാണു എല്ലാവരോടും ,ഈ കാര്യത്തിൽ ഞങ്ങൾക്കില്ലാത്ത സങ്കടമോ നാണക്കേടോ , എന്തു മാകട്ടെ , മറ്റാർക്കുണ്ടാകാൻ ..? ” കണ്ണൻ അവനെ കെട്ടിപ്പിടിച്ചു രണ്ടു പേരും കരഞ്ഞു

“ അന്ന് ഞാൻ എല്ലാവർക്കും സമ്മാനങ്ങൾ കൊണ്ട് വന്നപ്പോൾ ഏട്ടനു കൊണ്ട് വന്നത് ഇതാണു , ”അവൻ കഴുത്തിലെ മാല ഊരി കണ്ണനു നൽകി , അവനതു വാങ്ങാൻ വിസമ്മതിച്ചപ്പോൾ പറഞ്ഞു

“ പപ്പയുടെ മാലയാ ..ഇത് ഇതിടണം ..” നിർ ബന്ധിച്ചു തന്നെ അവൻ അതിട്ടു കൊടുത്തു ...
തിരിച്ചു നടക്കുമ്പോൾ ദീപു അവനെ ഓർമ്മിപ്പിച്ചു ,

“ ഞാൻ പോകുന്നത് എങ്ങോട്ടെന്ന് ഒരിക്കലും മുത്തശ്ശി അറിയരുത് , ബാക്കിയുള്ളവരെ , ഞാൻ തന്നെ പറഞ്ഞു മനസ്സിലാക്കാം ...മമ്മ കരയും ., അങ്കിളിനു കഴിയുന്നത്ര സഹായിക്കാതിരിക്കില്ല , പക്ഷെ എന്നാലും അറിയില്ല , .രക്ഷപ്പെടാണെങ്കിൽ ഞാൻ വരും ,ശിക്ഷ കഴിഞ്ഞ് ഇല്ലെങ്കിൽ എൻെറ ശവം ഇവിടേയ്ക്ക് കൊണ്ടു വരണം , പക്ഷെ ജയിലിൽ എന്നെ കാണാൻ വരരുത് ...”

വിചാരിച്ച എതിർ പ്പുകൾ ഉണ്ടായില്ല ആരിൽ നിന്നും , മുത്തശ്ശി ഒഴികെ എല്ലാവരും യാഥാർത്ഥ്യം അറിഞ്ഞിരുന്നതു കൊണ്ട് , പിന്നെ കണ്ണൻെറ കാര്യത്തിൽ ദീപകും അവൻെറ മമ്മയും ഉറച്ചു നിന്നു.., അമ്പിളിയും .., . ബാലമ്മാമ അവരെ പിന്താങ്ങി , അതു കൊണ്ട് നിശ്ചയം നന്നായി നടന്നു ..

അവൻെറ യാത്ര കാണാൻ മമ്മ പുറത്തേയ്ക്ക് വന്നില്ല ...ദൂരെ മറഞ്ഞു പോകുന്ന വാഹനം നോക്കി കരഞ്ഞു കൊണ്ട് കണ്ണൻ അമ്പിളിയോട് പറഞ്ഞു – “ അവൻ വരും , ബാലമാമയുടെ പോലെ ഒരു യാത്ര പോയിരിക്കാണു ...”

This document was created using Smart PDF Creator
To remove the message purchase the product at www.SmartPDFCreator.com